# കേരള സർവകലാശാല

നം. പി.ആർ.038/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ/ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ : മാർച്ച് 28 വരെ

കേരള സർവകലാശാല 2016-18 (2015-16 അഡ്മിഷൻ) ബി.എ/ബി.കോം (ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഉൾപ്പെടെയുള്ള) വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുവാനുള്ള തീയതി 3000/- രൂപ പിഴയോടെ മാർച്ച് 28 വരെ നീട്ടി.

### ബി.എ വൈവ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ വൈവ മാർച്ച് 28 മുതൽ അതത് കോളേജുകളിൽ നടത്തും. ബി.എ ഹിസ്റ്ററി പരീക്ഷയുടെ വൈവ ചെമ്പഴന്തി എസ്.എൻ കോളേജിൽ ഏപ്രിൽ 25-ന് നടത്തും. ബി.എ മ്യൂസിക് വൈവ പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മേയ് രണ്ടിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയ്ക്ക് മാർച്ച് 23 മുതൽ ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ രണ്ട് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 250 രൂപ പിഴയോടെ ഏപ്രിൽ എട്ട്) വരെ അപേക്ഷിക്കാം.

ഏപ്രിൽ 21-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയ്ക്ക് ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ രണ്ട് (50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 250 രൂപ പിഴയോടെ ഏപ്രിൽ ആറ്) വരെ അപേക്ഷിക്കാം.

### ബി.കോം (സി.ബി.സി.എസ്.എസ്) ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ എട്ട് വരെ അപേക്ഷിക്കാം.

### മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാല ബി.എഡ് (ട്രെയിനിംഗ് കോളേജ്), എൽ.എൽ.എം, എൽ.എൽ.ബി. യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

മാർച്ച് 31-നകം സ്കോളർഷിപ്പ് തുക കൈപ്പറ്റണം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.സി.എ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.സി.എ (332 - റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരി/മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 28, 29 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ആസ്പെയർ സ്കോളർഷിപ്പ്

കേരള സർവകലാശാല 2014-15 അധ്യായനവർഷത്തെ അസ്പെയർ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. മാർച്ച് 31-നകം സ്കോളർഷിപ്പ് തുക കൈപ്പറ്റണം.

## പെൻഷൻ: രേഖകൾ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2016 ഏപ്രിൽ, മേയ് മാസങ്ങളിൽ മസ്റ്റർ ചെയ്യുകയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാത്ത പക്ഷം ജൂലൈ മുതൽ പെൻഷൻ ലഭിക്കുന്നതല്ല. 2016-17 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നവർ നികുതി കണക്കാക്കി അനുബന്ധരേഖകൾ സഹിതം ഏപ്രിൽ 30-നകം പെൻഷൻ സെക്ഷനിൽ നൽകണം. ഫോൺ. 0471-2386297.

## പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം സർവകലാശാല സെനറ്റ് ചേംബറിൽ മാർച്ച് 30 രാവിലെ 11 മണിക്കും പ്രൊഫഷണൽ കോളേജുകളുടെ പ്രിൻസപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം അന്നേ ദിവസം ഉച്ചയ്ക്ക് 2.30-നും നടത്തും. എല്ലാ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരും യോഗത്തിൽ പങ്കെടുക്കണം.

## ഇൻഡക്ഷൻ പ്രോഗ്രാം

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന സർവകലാശാല/ കോളേജ് അദ്ധ്യാപകർക്കുവേണ്ടി ഹ്രസ്വകാല ഇൻഡക്ഷൻ പ്രോഗ്രാം ഏപ്രിൽ 18 മുതൽ 23 വരെ നടത്തുന്നു. കേരള സർവകലാശാലയുടെ അധീനതയിൽ കാര്യവട്ടം കാമ്പസിലെ യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററാണ് പരിശീലനം നടത്തുന്നത്. രണ്ട് വർഷത്തിൽ താഴെ അദ്ധ്യാപന പരിചയമുള്ള സർവകലാശാല/ അദ്ധ്യാപകർക്കുമാത്രം അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫാറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ

(www.keralauniversity.ac.in/ugcasc) ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല, കാര്യവട്ടം – 695 581 എന്ന വിലാസത്തിൽ ഏപ്രിൽ അഞ്ചിനകം ലഭിക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
22.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ